# STD - II

## അദ്ധ്യാപക സഹായി

## പാഠം നാല്      സദ്‌വാർത്ത    ഭാഗം - ഒന്ന്

### ലക്ഷ്യം

ലോകം ഒരു രക്ഷകന്റെ വരവിനായി പ്രത്യാശയോടെ കാത്തിരുന്നപ്പോൾ, ദൈവം തന്റെ പുത്രനെ ലോകത്തിലേയ്ക്ക് രക്ഷകനായി അയച്ചു. ഗബ്രിയേൽ ദൂതൻവഴി, ദൈവം രക്ഷകനായി ഭൂമിയിൽ പിറക്കുമെന്ന് മംഗളവാർത്തയിലൂടെ മറിയത്തെ അറിയിച്ചു.

രക്ഷകനായ യേശുവിന്റെ മാതാവാകാൻ തിരഞ്ഞെടുക്കപ്പെട്ട മറിയത്തിന്റെ വിനയവും പ്രാർത്ഥന നിറഞ്ഞ വിശ്വാസജീവിതവും ഞാൻ മാതൃകയാക്കും.

### പഠനസഹായികൾ

* വചനം - ലൂക്കാ. 1:26-38, ലൂക്കാ. 1:30-32
* മറിയത്തിന്റെയും ഗബ്രിയേൽ മാലാഖയുടെയും ചിത്രം
* കേട്ടോ കേട്ടോ മംഗളവാർത്ത - പാട്ട്.

### പാഠത്തിന്റെ ഉള്ളടക്കം

* ആദത്തിനും ഹവ്വായ്ക്കും ഒരു രക്ഷകനെ ദൈവം വാഗ്ദാനം ചെയ്തു. പക്ഷേ അവർക്ക് ദൈവത്തെ കാണാനായില്ല.
* അവരുടെ സന്തതികൾ നാടെങ്ങും പെരുകി. തിന്മകൾ നാട്ടിൽ പെരുകിയപ്പോൾ ജനങ്ങൾ പൊറുതിമുട്ടി.
* ലോകം ഒരു രക്ഷകന്റെ വരവിനായി പ്രത്യാശയോടെ കാത്തിരുന്നപ്പോൾ, തന്റെ പുത്രനെ ലോകത്തിലേക്കയക്കുവാൻ ദൈവം തീരുമാനിച്ചു.
* ദാവീദ് വംശജനായ യൗസേപ്പുമായി വിവാഹനിശ്ചയം കഴിഞ്ഞിരുന്ന നസ്രത്തിലെ മറിയത്തിന്റെ അടുത്തേക്ക് ദൈവം ഗബ്രിയേൽ മാലാഖയെ അയച്ചു.
* ദൈവകൃപ നിറഞ്ഞവളേ, സ്വസ്തി, കർത്താവ് നിന്നോടുകൂടെ
* മാലാഖ പറഞ്ഞു: നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. നീ അവന് യേശു എന്നു പേരിടണം.

### പ്രാർത്ഥന

ലോക രക്ഷകനായ യേശുവിന്റെ അമ്മയാകാൻ മറിയത്തെ തിരഞ്ഞെടുത്ത ദൈവമേ, പരിശുദ്ധ മറിയത്തെപ്പോലെ സ്നേഹവും പ്രാർത്ഥനയും നിറഞ്ഞ എളിമ ജീവിതം

നയിക്കാൻ അനുഗ്രഹിക്കണമേ.

## ചോദ്യങ്ങൾ

1. ആദത്തിനും ഹവ്വായ്ക്കും ആരെയാണ് കാണാൻ പറ്റാതിരുന്നത്?
2. ലോകം ആരുടെ വരവിനായിട്ടാണ് പ്രത്യാശയോടെ കാത്തിരുന്നത്?
3. ദൈവം ആരെയാണ് ലോകത്തിലേക്ക് അയയ്ക്കുവാൻ തീരുമാനിച്ചത്?
4. ദൈവം ഏത് മാലാഖയെയാണ് മറിയത്തിന്റെ അടുത്തേക്കയച്ചത്?
5. അത്യുന്നതന്റെ പുത്രൻ എന്നു വിളിക്കപ്പെടുന്നതാര്?

# STD - II

## അദ്ധ്യാപക സഹായി

**പാഠം നാല്   സദ്‌വാർത്ത   ഭാഗം – രണ്ട്**

### ലക്ഷ്യം

പരിശുദ്ധ മറിയം തന്റെ ജീവിതം മുഴുവനും ദൈവത്തിനു സമർപ്പിച്ചു. ഇതാ കർത്താവിന്റെ ദാസി; നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ എന്ന് പറഞ്ഞുകൊണ്ട് ദൈവത്തെ പൂർണമായും അനുസരിച്ചു. ലോകത്തിന്റെ രക്ഷയ്ക്കുവേണ്ടിയുള്ള കാത്തിരിപ്പ് തന്നിലൂടെ നിറവേറ്റാൻ മറിയം തയ്യാറായി. പരിശുദ്ധ മറിയത്തിനെപ്പോലെ എപ്പോഴും ദൈവത്തിന്റെ ഇഷ്ടം ഞാൻ നിറവേറ്റും.

### പഠനസഹായികൾ

* മറിയത്തിന് ഗബ്രിയേൽ മാലാഖ പ്രത്യക്ഷപ്പെടുന്ന രംഗം ഒരു സ്കിറ്റായിട്ടുള്ള അവതരണം (ലൂക്കാ. 1:26–38)
* അല്ലെങ്കിൽ ഗബ്രിയേൽ മാലാഖയുടെ പ്രത്യക്ഷപ്പെടലും മംഗളവാർത്തയുമടങ്ങിയ വീഡിയോ ക്ലിപ്പിംഗ് – യൂട്യൂബ്
* മാതാവിന്റെ ചിത്രങ്ങൾ

### പാഠത്തിന്റെ ഉള്ളടക്കം

* ദൈവത്തിന്റെ വാക്കുകളെ മറിയം അനുസരിച്ചു.
* ഇതാ കർത്താവിന്റെ ദാസി, നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ.
* രക്ഷകന്റെ മാതാവാകാൻ തിരഞ്ഞെടുക്കപ്പെട്ട മറിയം ഭാഗ്യവതി.
* രക്ഷകന്റെ വരവിനെക്കുറിച്ചുള്ള സദ്‌വാർത്ത ഗബ്രിയേൽ മാലാഖ മറിയത്തെ അറിയിച്ചു.
* ലോകത്തിന്റെ രക്ഷയ്ക്കുവേണ്ടി ദൈവം തന്റെ ഏകപുത്രനെ നൽകി.

### പ്രാർത്ഥന

സ്നേഹപിതാവായ ദൈവമേ, പരിശുദ്ധ മറിയത്തെപ്പോലെ വിശ്വാസത്തോടും വിനയത്തോടും, ദൈവപ്രീതിക്കനുസരിച്ചും ജീവിച്ച് ഉണ്ണിയേശുവിനെ ഹൃദയത്തിൽ വരവേൽക്കാൻ കൃപ നൽകണമേ.

## ചോദ്യങ്ങൾ

1. മാലാഖയുടെ വാക്കുകേട്ട് മറിയം പറഞ്ഞ മറുപടി എന്തായിരുന്നു?
2. മംഗളവാർത്ത എന്നാലെന്ത്?
3. മനുഷ്യരക്ഷയ്ക്കായി ഒരു രക്ഷകനെ അയയ്ക്കാമെന്ന് ആരാണ് വാഗ്ദാനം ചെയ്തത്
4. രക്ഷകനായ യേശുവിന്റെ മാതാവാകാൻ മറിയത്തെ യോഗ്യയാക്കിയ ഗുണങ്ങൾ ഏതെല്ലാം?
5. ത്രിസന്ധ്യാജപം ചൊല്ലുക.